
# അടയാളം

(പ്രമോദ് ബാലുശ്ശേരി (എം.എ. ഇംഗ്ലീഷ്, നാലാം സെമസ്റ്റർ)

ഒരിക്കലും
പൊടിപുരണ്ടിട്ടില്ലാത്ത
ചില പാദങ്ങളുണ്ട്
രാജവീഥികൾ
അവയുടെ കുതിപ്പിനായ്
മലർന്നു കിടക്കും
കുഴികളും മുള്ളുകളും
മാഞ്ഞുപോകും
പാദുകങ്ങളെല്ലാം പിറക്കുന്നത്
അവയ്ക്ക് വേണ്ടിയാണ്.
എല്ലാ വേദികളിലും
മുൻനിരയിൽ നിലയുറയ്ക്കുന്നവ



അരികുകളിലേയ്ക്ക്
ആട്ടിയോടിക്കപ്പെട്ട
വേറെ ചിലപാദങ്ങളുണ്ട്
ഏതു ചെരുപ്പുകൾക്കും
പാകപ്പെടുത്താവുന്നത്
മറച്ചുപിടിച്ചാലും
മണ്ണുപുരണ്ട മുറിവുകളാൽ
തെളിയുന്നവ
ഒരിക്കൽ
ചെരുപ്പുകളുപേക്ഷിച്ച്
അവ വരും
ആർക്കാണ്
പൊള്ളുന്ന പാദമുദ്രകൾ
മയ്ക്കാൻ കഴിയുക.

❖



# ALMIGHTY


**NIRANJANA C.**
(I BCom)

The one whom I strongly believe
But have'nt seen him in person
The one whom I can feel beside me
through the hardest of my days
The one whom I confide my feelings
to relieve the burden of my heart
The one who has given me strength
to overcome my worst fours
is the Almighty whom
I trust with all my heart.

❖

# അനർഘ നിമിഷങ്ങൾ

ധന്യ എൻ. (ബി.എസ്.സി. ബോട്ടണി, ഒന്നാം വർഷം)




മനസ്സിന്റെ മാന്ത്രികച്ചെപ്പിനുള്ളിൽ
ഒരു സ്വപ്നം വീണുടഞ്ഞു
സൂര്യകിരണങ്ങൾ പാതി മറഞ്ഞു.
സന്ധ്യാപുഷ്പങ്ങൾ മിഴിതുറന്നു.
ജീവിതത്തിന്റെ ഇടനാഴിയിലൂടെ
ഇനിയെത്ര ദൂരം താണ്ടുവാനുണ്ട്.

ഇരുൾ മൂടിയ ചക്രവാളത്തിലൂടെ
രണ്ടിണക്കിളികൾ തൻ ചിറകടിയുയർന്നു
മരണത്തിൻ മഞ്ചം മുന്നിലെത്തുമ്പോൾ
എന്തേ നിനക്കു പോകാൻ വിസമ്മതം
മോഹങ്ങൾ പൂവണിഞ്ഞിരിക്കയില്ലെങ്കിലും
ആ അനർഘ നിമിഷങ്ങൾ സ്വന്തമാണെനിക്ക്.

❖

# ആത്മഹത്യാകുറിപ്പ്

സക്കറിയ്യ (ബി.എ. ഇംഗ്ലീഷ്, രണ്ടാം വർഷം)



ലോഡ്ജു മുറികളിലുറങ്ങാൻ
എനിക്ക് ഭയമാണ്
കാരണം,
കയറിൽ തൂങ്ങിയ,
വിഷംകൊണ്ടുള്ളുപൊള്ളിച്ച
ഉറക്കഗുളികകൾ കൊണ്ടനന്തമായുറങ്ങിയ
ആത്മക്കാളെ, ഞാനവിടെ
പ്രതീക്ഷിക്കുന്നു.
ഭയപ്പെടുന്നു.
പുഴകളിൽ മുങ്ങിക്കുളിക്കാൻ
എനിക്കുഭയമാണ്
കാരണം,
പുഴകളിൽ ചാടിമരിച്ചവരുടെ
നിലവിളി ഞാനവിടെ കേൾക്കുന്നു.
അവയെന്നെ നടുക്കുന്നു.
റെയിൽ പാളങ്ങൾക്കുനേരെ
ഞാൻ മുഖം തിരിക്കാറില്ല
അവിടെ,
വണ്ടി ചക്രങ്ങൾക്കിടയിൽ
സ്വയം ഹോമിച്ചവരുടെ
ചോരത്തുള്ളികളെ ഞാൻ കാണുന്നു
അവയെന്നെ
ചകിതനാക്കുന്നു.
ഇപ്പോൾ,
സ്വയം കൊന്നു തീർക്കുന്നവരുടെ
ആത്മരോദനങ്ങൾ
എന്റെ കണ്ണുകളിൽ
തുളഞ്ഞു കയറുന്നു.
ചെവികളിൽ
തുളഞ്ഞു കയറുന്നു.
മസ്തിഷ്കത്തിൽ
നുഴഞ്ഞുകയറുന്നു.
അതിനാൽ
ഞാൻ തീരുമാനിച്ചു
തൂങ്ങിച്ചാകാൻ...

# DREAM

SHABNA E.K. (II BSc, Mathematics)

Dream is like a butterfly,
Full of beauty, life, colour and fun
Dream brings me to brightness and gleams.
Dream is jiging in the mind
Break away from the roots
Riding on a wave of fantasy.
Dream make the spark of ambition
Keep it like a glow warm in
the corner of the heart
Dream may be on itsway
Some dreams stay in failure
But some dreams reach in success
Dream give peace to the heart
Dream become a drizzle in mind
Time in wounded by the loops of dream
Dream is coming with all the colours
Joys and hopes
I will treasure my dreams
and go on to live more

കവിത

# എന്തുകൊണ്ട്?

മയ്യനാട് ഷാഹുദ്ദീൻ (മലയാളം വിഭാഗം)

വചനങ്ങൾ കുരക്കുകയും
വേദപുസ്തകം
വേട്ടനായ്ക്കളെ
പോലെ
അലറുകയും ചെയ്യുന്ന
മുടിഞ്ഞ കാലത്ത്
അരുതെന്ന് മാത്രം പറഞ്ഞ്
പ്രവാചകന്മാർ മടങ്ങിപ്പോകുന്നത്
എന്തുകൊണ്ടാണ്?
പർവ്വതങ്ങൾ ഇളകിയാടുകയും
കടലുകൾ ഉരുകിമറിയുകയും
തീക്കാറ്റുകൾ ആഞ്ഞടിക്കുകയും
ഭൂഗർഭങ്ങൾ തീക്കുണ്ഡങ്ങളെ
പ്രസവിക്കുകയും
മുന്തിരിവള്ളികൾ
കൊലക്കയറാകുകയും
മുനിമാർ ആരാച്ചാരാകുകയും
ചെയ്യുന്ന കരിഞ്ഞ കാലത്ത്
പിഞ്ചുകുഞ്ഞിനെ
വെട്ടിക്കീറി
അരിയില്ലാക്കലത്തിന്
തീപൂട്ടിയിരിക്കുന്ന
അമ്മമാരുടെ
ഉടുവസ്ത്രമുരിയുന്ന
കാപാലികരുടെ കാലത്ത്
മാനിഷാദ എന്നു പറഞ്ഞ്
ഇനിയുമൊരു ജീവിതം കൂടി
നാം പാഴാക്കുന്നതെന്തുകൊണ്ടാണ്

POEM

# *I felt it...*

**HASINA HABEEB**
(M.A. Economics)

**NEVER** before have I seen youAnd after you
came,never did I feel the same.
Your voice knocked my heart,
Your presence rocked my heart.
Walking by, its you that I dream,
Although playing, its for you I scream.
Your presence makes me alert,
But my attempt have turned to flurt.
For a joke so, why did you play with me?
Beside you there is no one I did like to see,
For though this is love I knew later,
You should not have pained me bitter.
❖

# ഇന്നലെകൾ

അമീറ സി.കെ.
(ബി.എസ്.സി. ഫിസിക്സ്, രണ്ടാം വർഷം)




അറിഞ്ഞതെല്ലാം മുറിവായ് മാറുന്ന
ഇന്നിന്റെ വെളിച്ചത്തിൽ
ഞാൻ ഇന്നലെകളിൽ നിന്ന്
പടിയിറങ്ങുന്നു......

ഒലിച്ചിറങ്ങിയ ഇന്നലെകൾ
തന്നതെല്ലാം ദുരന്തങ്ങൾ,
അറിഞ്ഞതെല്ലാം അസത്യങ്ങൾ
കേൾക്കാനിഷ്ടപ്പെടാത്ത സത്യങ്ങൾ
വിശ്വസിച്ചു പോയവയുടെ കുത്തുവാക്കുകൾ....
എനിക്ക് നഷ്ടങ്ങൾ മാത്രം ബാക്കി വച്ച്
ഇന്നലെകൾ എന്നിൽ നിന്നും പടിയിറങ്ങി

എന്റെ ശൂന്യതയിൽ നിറയുന്ന
മോഹങ്ങൾ വ്യർത്ഥതയുടെ
വെറും പര്യായങ്ങൾ

ഒരു നല്ല നാളേക്ക്
ഒരു പുനർ ജനിക്കായ്...
ഈ ജന്മം ബലി നൽകി
കാത്തിരിക്കാം; വെറുതെ.....

# ജാഗ്രത

രജിന പി.നായർ (ബി.എസ്.സി. കംപ്യൂട്ടർ സയൻസ്, രണ്ടാം വർഷം)



ആയിരം വട്ടമുടഞ്ഞ വെൺ ശംഖിനെ
ആഴി പുതുക്കിപ്പണിതു കൊണ്ടോ തീയിവിധം
സൃഷ്ടി സംഹാരങ്ങൾ;
ഈ മഹാതീരത്തരങ്ങേറുമെപ്പോഴും ;
ആരോ കെടുത്തിക്കളഞ്ഞ വിളക്കിലെ,
ക്ലാവു കളഞ്ഞു തിരികൊളുത്തി,
അമ്മയോതീ, ഇരുട്ടിന്റെ പാപക്കറക്കുമേൽ,
സൂര്യനുദിക്കുമെന്നോർത്തു മുന്നേറുക !
നേരം വെളുക്കാനുറക്കെക്കരഞ്ഞവർ,
നേരിന്റെ നേർത്ത വിലാപം ശ്രവിച്ചവർ,
കാറ്റുകൈത്താളം മുഴക്കി പഠിപ്പിച്ച,
തോറ്റങ്ങൾ പാടി വരുന്നുണ്ട്; കണ്ടുവോ?
കാമധേനുക്കൾ മരിച്ചു,
മനസ്സിന്റെ ശാദ്വലതീരമിരുണ്ടു പോയെന്ന്,
ആരോ പറഞ്ഞ വരണ്ട വാക്കിന്റെ മേൽ,
തൂവാൻ നിനക്ക് നിലാവിന്റെ പൂമഴ.
ആരണ്യകത്തിലെറിഞ്ഞ ദു:ഖാഗ്നിയെ
ആദികവി മഹാജ്വാലയാക്കി.
കാവ്യ തൂലികത്തുമ്പിലെരിച്ചുപിടിച്ചു കൊണ്ടോതിയതിങ്ങനെ,
"രാവുകൾ മായണം" !
ആലംബമറ്റൊരു ഗർഭിണിക്കാശ്രമ വാതിൽ
തുറന്നുകൊടുത്ത തപോധനൻ,
ആയിരം കൊല്ലമെടുക്കിലും വറ്റാത്ത,
കാരുണ്യ കാനന സ്രോതസ്സനാതം.
ചൂടുചോര ചിന്തി മരിക്കുവാൻ ഭൂമിയി-
ലാര്യവംശങ്ങൾ മുളപ്പിച്ച മുള്ളുകൾ;
ഏരകപ്പുല്ലായ് വളർന്നു, സനാതന-
സ്നേഹതീരങ്ങളിൽ ശാപം വിതയ്ക്കവേ,
ശാന്തി - ശാന്തിസ്വരം മാത്രമുരുവിടും,
സന്ധ്യസൂര്യന്റെ മുഖത്തെ വിതുമ്പൽ പോൽ,
മൃത്യോർമായെന്നുമമൃതം ശമയെന്നും,
ഉച്ചരിക്കുന്നോർക്കുദയ സ്വപ്നം പോലെ,
നിത്യവുമെന്റെ നിലയ്ക്കാത്ത ചിന്തയിൽ,
ഉത്തിഷ്ഠതാമന്ത്രമോതുന്നു 'ജാഗ്രത'.

❖

## കടൽ

അക്ബർ സി. (ബി.എ).ഇംഗ്ലീഷ്, രണ്ടാം വർഷം)



I

നീ വന്നു നീലക്കടലേ !
എന്റെ വാചാലമായ്, മൗനമായ് - പിന്നെ
എന്റെ കിനാവിന്റെ താളമായ്
അനുരാഗവീണതൻ കമ്പനമായ്, - മോഹ
മറിയാതെ വാടിയ ഗീതമായി...

II

കർക്കിടകത്തിന്റെ തീരാകെടുതിയിൽ,
കണ്ണീരുതിർക്കുന്ന കള്ളച്ചിരിയുമായ്
തുള്ളി മറിഞ്ഞു നീ വന്ന നേരം;
ഉള്ളിൽ കലങ്ങിയ സങ്കടക്കൂടിനെ
ഊഷരഭൂമിയായ് മാറ്റം മനസ്സിലെ
നോവിന്റെ പാട്ടു നീ ഏറ്റുമൂളി

III

സ്നേഹതീരത്തിന്റെ ശീതളച്ഛായയിൽ,
മോഹം കടംകൊണ്ട സായാന ശയ്യയിൽ,
ലാവണ്യ സിന്ദൂര രശ്മികളുതിർക്കവെ;
കാതിൽ തണുപ്പിന്റെ കിന്നാരമായി നീ,
കൊഞ്ചിക്കുറുകിക്കുണുങ്ങി നിന്നു.

IV

വൃശ്ചികക്കാറ്റിന്റെയുൻമാദ ലീലകൾ !
പുഷ്പ സുഗന്ധം വിതറിപ്പരക്കവേ,
കാണാൻകൊതിക്കും പ്രണയ വർണ്ണക്കിളി
വന്നണയാത്തതിലെന്റെ പരിഭവം
സംഗീതമായി നീ കേട്ടു നിന്നു.

V

ചില്ലുപതിച്ച ജനാലകൾക്കപ്പുറം
കുഞ്ഞുമോഹത്തിന്റെ വാടാമലരുകൾ,
നിദ്രാവിഹീനം പ്രയാണം തുടരവേ,
നിർമ്മല ഭാവ പ്പകർച്ചയായ് വന്നു നീ,
നിർമ്മാല്യമേകിയെൻ ചേതനയ്ക്ക്

VI

നിന്റെ രാഗങ്ങളെ പാടിയുണർത്തുവാ-
നെന്റെ വിപഞ്ചിക വെമ്പുന്നു മോഹിനീ....
സൗന്ദര്യ ദീപ്തി തുളുമ്പും സുകുമാര
സൗഭഗമായ് നീ അരികിലുണ്ടാവുകിൽ.

❖



# കവിത

## കരയാൻ മറന്നവർ

സതീഷ്കുമാർ സി. (ബി.എസ്.സി. കെമിസ്ട്രി, മൂന്നാം വർഷം)


പ്രണയത്തിൻ ഭാഷ അറിയാത്ത
അവർ പ്രണയിക്കാൻ മറന്നു പോയി
പെരു മഴയിലും, കാത്തിരുന്നു
'പ്രണയത്തി'നായ്....
തിരമാലകൾ മണൽത്തട്ടിയെ
പുൽകിയകന്നു.....
'പ്രണയ'ത്തെ മാത്രം കണ്ടില്ല
കൈകൾ കോർത്തിരുന്നവർ,
'പ്രണയ'ത്തിൻ വരവിനായ്
പടിഞ്ഞാറ് വീണ്ടുമൊരു മഴക്കായ്
കോപ്പുകൂട്ടി, ഇരുണ്ടു മൂടി
പിരിയാനായവർ കൈയച്ചു
'വിരൽത്തുമ്പി'ലെന്തോ കോർത്ത് നിന്നു
ഇമകളിൽ വെള്ളം ഊറ്റി വന്നു
ധാരയായ് തഴേക്കൊലിച്ചിറങ്ങി
കൈകളെടുത്തവർ ആഞ്ഞു വീശി
എവിടെയോ ഒന്നു തറച്ചുനിന്നു
കരയാൻ മറന്നവർ കാത്തിരുന്നു
'പ്രണയ'ത്തെ മാത്രം തുറിച്ചുനോക്കി...


# നഷ്ടം

നസ്‌വീഫ് (ബി.എസ്.സി. ഫിസിസ്ക്സ്, രണ്ടാം വർഷം)

നീ നീട്ടിയിരുന്ന
സാഹോദര്യത്തിന്റെ ഗന്ധവും
സൗഹൃദത്തിന്റെ സ്പർശവും
സ്വപ്നത്തിൽ പോലും
അന്യമായ് തീരുമ്പോൾ
എൻ മനസ്സിൽ പെയ്യുന്നത്
വേദനകളുടെ പെരുമഴ.... !

നീ കാണിച്ചുതന്ന
പ്രതീക്ഷകളുടെ കരുത്തും തുരുത്തും
നൻമനിറഞ്ഞ വെളിച്ചവും
അണഞ്ഞുപോകുമ്പോൾ
എന്റെയുള്ളിൽ മുഴങ്ങുന്നത്
ഭീതികളുടെ പെരുമ്പറ...!
നീ കേൾപ്പിച്ചുതന്ന
സ്നേഹത്തിന്റെ സംഗീതവും
സാന്ത്വനവാക്കുകളും നഷ്ടമാകുമ്പോൾ
എന്റെ വാഴ്‌വിൽ നിറയുന്നത്
ഭയപ്പാടുകളുടെ തായമ്പക.... !
നീ നൽകിയ വിശ്വാസവും
ആശ്വാസമേകിയ തണലും
അസ്തമിക്കുമ്പോൾ
ഞാനറിയുന്നത്
ഒറ്റപ്പെടലിന്റെ തീവ്ര വേദന !!!





കവിത

# നിദ്രാവിഹീനങ്ങൾ

ശബ്ന വി.സി. (ബി.എസ്.സി. സുവോളജി, ഒന്നാം വർഷം)

മഞ്ഞനിറത്തിലുള്ളൊരെൻ കളിവഞ്ചി തുഴഞ്ഞ്
മഞ്ഞപ്പട്ട് പുതച്ച് .... മഞ്ഞച്ചിരിയുമായ്....
നിനച്ചിരിക്കാതന്നൊരു പേമാരിനാളിൽ
നിൻ ചലിക്കാത്ത ശരീരമായിരുന്നവർ കൊണ്ട് വന്നത്
നിലവിളിച്ചൊരെൻ കണ്ണീർ 'സ്ട്രോ' വെച്ച് വലിച്ചെടുത്തു
നിന്നെ കുടിപ്പിച്ചു അവർ
നമ്മൾ കണ്ണ് പൊത്തിക്കളിക്കാറുണ്ടായിരുന്നാ
നാടയെടുത്താണവർ നിൻ 'കാലും താടിയും' കെട്ടിയത്
മംഗല്യത്തിന് മുമ്പേ വിധവയാക്കിയെന്നെ
മുണ്ഡനം ചെയ്തൂ..... ആ ദൃഢഗാത്രൻമാർ
കല്ല്യാണനാളിലേക്കായൊരുക്കിയെൻ തൂവെള്ള ചേലയാൽ
കഫം ചെയ്തുതെടുത്തൂ നിന്നെ
ഉതിർത്തിടുമെൻ മുടിയിഴകളിൽ കട്ടപിടിക്കാറുണ്ടായിരുന്നാ
ഉലുവാനെടുത്താണവർ പുകയിച്ചത്.
എന്നാർദ്ര ഗാനങ്ങളുച്ചത്തിലട്ടഹസിച്ച്
എന്നാഭരണപ്പെട്ടിയിൽ കിടത്തി
ഏറ്റിയെടുത്ത് നിന്നെ മറമാടാൻ കൊണ്ട് വന്ന്
എൻ ഹൃദയപ്പറമ്പിലേക്കായിരുന്നു.
ഏഴടിയോളം താഴ്ചയിൽ കുഴിച്ചെടുത്തവർ പുറത്തെറിഞ്ഞത്
എൻ കിനാക്കളലിഞ്ഞ മണ്ണായിരുന്നു.
ഒരടയാളക്കല്ല് പോലും ബാക്കിവെക്കാതെൻ
ഓർമ്മകളുടെ സ്വപ്ന ഭൂമി ചവിട്ടിയരച്ചവർ പോയി
നിന്റെ ശരീരമഴുകാൻ തുടങ്ങി. എന്റെ
നിനവുകളും പ്രതീക്ഷകളുമതിനെ കാർന്നു
അസ്തികൾ മാംസത്തെ കൈവിട്ടു.
അപ്പോഴേക്കും ഞെട്ടിയുണർന്നു ഞാനാ വല്ലാത്തുറക്കീന്ന്....
ഹൊ... ഇനിയിങ്ങനുറങ്ങില്ല ഞാൻ ....

# ON THE LIFE OF RIVER

**Dr. UNNEENKUTTY PARENGAL**
(Dept. of Commerce)



On the life of River
The sylvian hills
Bear the brooks
of glassy water,
Nurture them
Under the greenery
And send them
To the vallies
Where the streams
Join one another
To become the river
of their own nature


Then as a river
They cascade down
To the feel of the hill
And sun away slowly
And frivolously
To the degenerated plain
And blend with the muddy
Water of the previous rain
And, thus, mingle with
The so - called main stream
of the timely season

When the monsoon puts
Its curtain down
And all the drop of the dirt
Had already merged
with the saline sea,
The river becomes rivulets
of the earstwhile becks;
And the glassy drops
Flow rhythmically
But falter vehemently
As they near the hungry sea.

❖

## ഓർമ്മകളുടെ ആൽബം

ബീന (ബി.എ. മലയാളം, മൂന്നാം വർഷം)




ആകാശത്തിന്റെ നീലിമക്കപ്പുറം
എന്നും പൂക്കുന്ന
മഴക്കാടുകളുണ്ടെന്ന്
ഞാൻ
കിനാവു കണ്ടിരുന്നു.
ദുരിതങ്ങളുടെ മഴയിൽ
ഓർമ്മകളൊലിച്ചു പോയി
എങ്കിലും നിറയുന്നു
സ്വപ്നങ്ങളിൽ
മൺ ചുമരുകളുള്ള വീട്
ചാണക മെഴുകിയ തിണ്ണയും
ഇത്തിരി മുറ്റവും.
ഇറയത്ത്
കത്തിച്ച തൂക്കു വിളക്കായി
ഓപ്പോൾ.
ഉമ്മരപ്പടിയിൽ
നാമ ജപവുമായി
മുത്തശ്ശി.
മച്ചിൻ പുറത്ത്
ഭഗവതിയെ കുടിയിരുത്തിയ
എണ്ണത്തിരി.
കാലം തെറ്റി വീശിയ കാറ്റിൽ
പെട്ടുപോയ ജന്മങ്ങൾ....
❖

# പിതാവ്

സൽമാൻ എം.വി. (ബി.എസ്.സി.കെമിസ്ട്രി, ഒന്നാം വർഷം)

കണ്ണുകളിൽ തീജ്ജ്വാലയുയർത്തി
കരളിൽ സാന്ത്വന രാഗമോതും
എൻ പ്രിയ പിതാവിൻ
അനർഘമായി ശാന്തസ്മരണകൾ
അലയുന്ന മനസിൽ
ആർത്തനാദം
ഉരുകിയൊഴുകും
പുണ്യതീർത്ഥം
കാതങ്ങളിൽ യുദ്ധം പെയ്തു
കാരുണ്യ സ്നേഹം ഉതിർത്തു
ഹൃദയാങ്കണത്തിൽ ഉയർത്തി
നറുമഴയായ് സ്നേഹ ഗീതങ്ങൾ
പ്രഭാത സൂര്യനായി
ഉദിച്ചുയർന്ന്
നറുനിലാവിൻ



കീർത്തനം ഓതി
സ്നേഹ തീർത്ഥം
ഒഴുകുമീ പുണ്യവാൻ
ഇന്നീ ദുഖ: മിഴികൾ
നീറുന്നൊരു അന്ധതയിൽ
കൈപിടിക്കുവാൻ
സ്നേഹസ്മരണകൾ മാത്രം
നമിച്ചീടുന്നു ഞാൻ
ഒരോ കാല പടിയും
സ്നേഹമായി പിൻ
നമ്രശിരസുമായി

# പ്ലാച്ചിമടയിലേയ്ക്ക്

നൗഷാദ് എ.പി. (എം.എ.ഹിസ്റ്ററി, രണ്ടാം സെമസ്റ്റർ)


പ്ലാച്ചിമടയിലേയ്ക്ക്...
ഹരിതവർണ്ണങ്ങൾ യാത്രയാവുകയാണ്
ഉറവകളൊഴുകാൻ പാടുപെടുകയാണ്.
മാനവൻ ജീവരക്തം തേടിയലയുകയാണ്.
കിണറുകൾ ദാഹം ശമിപ്പിക്കാൻ കഴിയാതെ
തൊണ്ടവരണ്ട് തേങ്ങുകയാണ്.
കൃഷിയിടങ്ങൾ കൂട്ടുകാരില്ലാതെ
വിരഹമനുഭവിക്കുകയാണ്.
പ്രകൃതി വിഭവങ്ങൾ അവനിയിലൊളിക്കാനിടമില്ലാതെ
കരിഞ്ഞുണങ്ങുകയാണ്.

ഇത് പ്ലാച്ചിമട,
നവഅധിനിവേശത്തിന്റെയിരകളുടെ നാട്.
കുടിവെള്ളമൂറ്റിയെടുത്ത്,
വിഷമയത്തിലാക്കി,
അറിവുകെട്ടവരഭിമാനത്തോടെ
നുരയുടെ രൂപത്തിലുള്ളിലേക്കൊഴുക്കും
കോളയുടെ വിളഭൂമി

ഇവിടെ പ്രതിഷേധങ്ങൾക്ക് കാവലില്ല,
സമരങ്ങൾക്ക് കരുത്തുമില്ല
ദാഹജലം നിഷേധിക്കപ്പെട്ടയിരകളുടെ
പതിഞ്ഞസ്വരങ്ങൾ മാത്രം
പിന്തുണക്കാൻ
കരുണയിനിയും വരണ്ടിട്ടില്ലാത്ത
തുച്ഛം ഹൃദയങ്ങളുടെയുടമകളും,
നേട്ടങ്ങൾക്കായ് നെട്ടോട്ടമോടുന്ന
മറ്റു ചിലരും മാത്രം.

# രണ്ടു കവിതകൾ

സുനിൽ പി. (ബി.എ. മലയാളം, മൂന്നാം വർഷം)



## മഴപാറ്റകൾ


വഴിയറിയാത്തോർ
വഴിയമ്പലം തേടുന്നോർ
വഴിവിളക്കിനരികെ
വഴിതെളിയുമ്പോൾ
ചിറക് നഷ്ടപ്പെടുന്നോർ

❖

## ചരൽകണ്ണാടി

ഒന്നാംപിറന്നാൾ
സമ്മാനമായെത്തിയ
വിരുന്നുകാരനികണ്ണാടി
അന്നത്തെ നിഴലല്ലിന്ന്
നരച്ചത് ഞാനോ, അതോ....

❖



കവിത

# ശേഷിപ്പുകൾ

ഷിംന സീനത്ത് കളത്തിൽ (ബി.എസ്.സി. കെമിസ്ട്രി, രണ്ടാം വർഷം)

പൊടിഞ്ഞു തുടങ്ങിയ വാതിലുകൾ
ജീർണ്ണിച്ച മച്ചുകൾ
ഒരു ചിത്രകാരന്റെ നഷ്ടപ്പെട്ട വരകളിൽ തീർത്ത ചുമരുകൾ
ഇരച്ചുകയറിയ അന്യതകൾ കണ്ട്
പരിഹസിച്ച് ചിരിക്കുന്ന ഗൗളി
പൊടിപിടിച്ച് കിടന്ന
അക്ഷരക്കൂട്ടങ്ങളിൽ
കുറെ കരിംപൂച്ചകൾ പ്രദക്ഷിണം വയ്ക്കുന്നു
വെയിൽ പൊള്ളുന്ന മേൽക്കൂരയിൽ
ഉണക്കാനിട്ട ഇത്തിരി ചിതലരിച്ച ചിന്തകൾ;
അതു പോലും അന്യന്റേതത്രെ!!
ഒടുവിൽ.....
ദിനങ്ങൾക്ക് പൂപ്പൽ പിടിച്ചപ്പോൾ
അന്യത്വത്തിന്റെ വിഷം പുരണ്ട്
ഗൗളി ചത്തലച്ചു.
ഓർമ്മകളുടെ തീജ്ജ്വാലയിൽ
കരിം പൂച്ചകൾ വെന്തമർന്നു.
ശേഷിച്ച,
മങ്ങിയ നിശ്വാസത്തിൽ
വെളിച്ചം വറ്റിയ ഒരു പുഴ
കുറെ കരിയിലകൾ
ഒരു പിടി വിഷം പുരണ്ട മണ്ണ്

❖

## കവിത

### സ്വപ്നം

പ്രദീപ് ഒ. (ബി.എ). മലയാളം, രണ്ടാം വർഷം)

സ്നേഹത്തിൻ ചിറകിലേറി
ഒരു നിമിഷം മൗനത്തിൽ
തേരിലേറി
പറക്കുകയാണെൻ സ്വപ്നം
വെറുതെ ഒരു ഓർമ്മതൻ
തെന്നലായ് എൻ മനസ്സിൽ
സ്വപ്നം ഒരിക്കലും പൂവണി
യില്ലെന്നറിഞ്ഞിട്ടും
ഒരു നിമിഷം മൗനത്തിൻ
സാന്ദ്രമായ് എൻ സ്വപ്നം
ഒരു വേഴാമ്പലായ് പറക്കുന്നു
ഞാൻ സ്വപ്നത്തിൽ
ആരും പറക്കാത്ത ദൂരം ദൂരെദൂരെ
ആകാശത്തിൽ എന്റെ സ്വപ്നം
ചിറകടിക്കുന്നു.
പെട്ടെന്ന് കുതറുന്ന ഒരു പക്ഷി
ചിറകടിഞ്ഞ് നിലം പതിക്കുന്നത്
പോലെയെൻ സ്വപ്നം
പിടഞ്ഞ് പിടഞ്ഞ് വേദനയോടെ
നിലം പതിക്കുകയായിരുന്നു.

❖

# Think positive

**FAZIL VENGHAT**
(II BBA)

SAY YOURSELF EVERY MORNING :

- Today is going to be a great day !
- I can handle more than I think can !
- Things do not get better by worying about them !
- I can be satisfied if i try do my best !
- There is always something to be happy about !
- I'm going to make some one happy today !
- It's not good to be down and out !
- Life is great, Iam going make to most of it !
- I am an optimist !

❖

# TIME

**ROOBY P.T.**
(II BBA)

Time rocks the radles and, yet once make them still
time is destinies soul mate, yet regret at times
time is nothing and everything at a glimpse
Time, a gathering, but a lonely night a confession !!

There's nothing that change with time
time, dry it all up, once an ocean of love
time sows seeds of love in a heart that had died
time is the magic of countless spells

Time wait for none, yet the world wait for time
time hurt them all but heals the wounds
there is a breath that breaks like crystal
with time we travell and call it life !!!

When the silence withers and moves around
time is the only hope that hangs around.
death is life, and life is death time knows it all
desires and dreams with time change and report.

If i could hold on, i would just turn back
strech myself art of times grip and let it go
let time walk a head, i'll follow, I'll wait
let me free from the strangest chain thats time !!!

❖

# വാക്കുകൾക്കർത്ഥം നഷ്ടപ്പെടുന്നതിങ്ങനെയാണ്.*

ഷാഹുൽ അമീൻ കെ.ടി. (ബി.എ).സോഷ്യോളജി, രണ്ടാം വർഷം)

കാർ

അച്ഛൻ
കാറിടിച്ചാണ്
മരിച്ചത്
ഭാഗ്യം!
കാറുള്ളത് കൊണ്ട്
അമ്മയ്ക്ക്
ശവം കാണാനൊത്തു.

മൈലാഞ്ചി

മൈലാഞ്ചിയുടെ
അർത്ഥമറിയില്ല.
വിവാഹപൂർവ്വ
രാത്രിയിൽ
കൈനിറയെ
മൈലാഞ്ചിയുമായി
നീ വന്നു
നിന്റെ കണ്ണിൽ നക്ഷത്രങ്ങൾ !
മനസ്സിൽ തിരയിളക്കം !
ഇന്നു, നീ
ചുരുണ്ടു കൂടിയിരുന്ന്
മൈലാഞ്ചിയിടുകയാണ്.
നിന്റെ കണ്ണിൽ അസ്തമയം ?
നെഞ്ചിൽ ശവപ്പറമ്പ് !
പൊടുന്നനെ നീ പറഞ്ഞു
മൈലാഞ്ചി പുഴുകുത്തിന്
ഒറ്റമൂലി

തുഷാരം

തളിരിൽ കടുക്കനായ്
നീയിരുന്നപ്പോൾ
തുഷാരമെന്ന്
ഞാൻ.
മൂക്ക് ചീറ്റി
സുഹൃത്ത്
‘ജലദോഷം’

---

*സച്ചിദാനന്ദന്റെ വരികളിൽ നിന്ന്*



# വേനൽ ചിത്രങ്ങൾ

ജനീഷ കെ.സി. (ബി.എ. ഇക്കണോമിക്സ്, മൂന്നാം വർഷം)

ഒരു മഴത്തുള്ളിപോലുമാശിക്കാനില്ലാതെ,
കത്തിപ്പടരുന്ന വേനലിൽ
ആത്മാവുടഞ്ഞ പടുവൃക്ഷമായി
ഭൂമി നിന്നു വെന്തു.
വേനൽ;
അഗ്നിച്ചിലമ്പെറിഞ്ഞുതുള്ളുന്ന
സൂര്യന്റെ, മഞ്ഞച്ച കണ്ണുകളിലൂടെ
പൊള്ളിയടർന്ന് പകലുകളും
എരിയുന്ന രാത്രികളുമായി
ദൂരെ മഴവറ്റിയ മേഘങ്ങളെനോക്കി
വരണ്ട ചുണ്ടു കളിലെയവസാന
ഉപ്പുരസവും നുണഞ്ഞ്
വെയിലാർത്തു ചിരിക്കുമ്പോൾ,
അനാഥമാക്കപ്പെട്ട
പഴമയുടെ തോറ്റങ്ങളിൽ നിന്ന്
മഴത്തന്തികൾക്കു മീട്ടിയുണർത്തിയ ഗായകനോ
കാലടിവെച്ചീ മണ്ണുനനയ്ക്കാനൊരു
ബ്രഹ്മചാരിയോ വരാനില്ല

ഭഗീരഥ പ്രയത്നങ്ങളിൽ പോലും
ഒരു മഴ പുഴയാകുന്നില്ലിവിടെ;

വേനൽക്കാഴ്ചകളിലൊടുക്കം
പഴുത്ത സ്വപ്നങ്ങളെ കുഴിവെട്ടിമൂടി
പട്ടിണിക്കാരനൊരു മുഴം കയർതേടിയിറങ്ങി;
വിശപ്പുണ്ടുണർന്നുറങ്ങുവാനെങ്കിലും
ഒരു പുതപ്പും സ്വന്തമായില്ലാതെ.

കോളകൾ കൊലവിളിയ്ക്കുന്നീ നാട്ടിൽ
വറുതിയുടെ കണക്കെടുപ്പുകളിൽ പെടാതെ
ഇനിയും ശേഷിക്കുന്നത്
കുടിവെള്ളത്തിന് പേറ്റന്റില്ലാത്തോരും
കത്തുന്നൊരാകാശക്കീഴിൽ കരിയുന്ന മണ്ണിലെ
പച്ചപ്പിന്നസ്ഥിപഞ്ജരങ്ങളും
പിന്നെ, മണൽഞരമ്പറ്റു ചത്തുമലച്ച
പുഴയും മാത്രം !!!.

❖